# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3905 — 15.12.2014-ൽ മറുപടിയ്ക്ക്

### വനം വകുപ്പിന്റെ തടി വിൽപന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വനം വകുപ്പിന്റെ തടി വിൽപനയിലൂടെ എത്ര രൂപ യാണ് ലഭിച്ചത്; ഓരോ വർഷ വും ലഭിച്ച തുകയും വിറ്റ തടിയുടെ അളവും തടിയുടെ പേരും വ്യക്തമാക്കുമോ; | (എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വനം വകുപ്പിന്റെ തടി വിൽപ്പനയിലൂടെ 644.4966655 കോടി രൂപയാണ് ലഭിച്ചത്. ഓരോ വർഷവും ലഭിച്ച തുകയും, വിറ്റ തടിയുടെ അളവും ഇതോടൊപ്പം പട്ടിക രൂപത്തിൽ അനുബന്ധം -1 ൽ ചേർക്കുന്നു. |
| (ബി) ഇപ്രകാരം തടി വിൽപന നട ത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമായിരുന്നു; തടി വില എപ്രകാരമായിരുന്നു; | (ബി) കേരള വനംവകുപ്പിലെ തടി വിൽപ്പന വിഭാഗം ഡിവിഷനു കീഴിലെ തടി ഡിപ്പോകളിൽ മുൻപിനാലെ സർ ക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ദർഘാസ് ലേല വ്യവസ്ഥകളും തീയതികളും അനുസ രിച്ച് തടി ലേലം ചെയ്ത് വിൽപ്പന നടത്തുന്നു. ലേലത്തിൽ നിയമാനു സരണം പങ്കെടുക്കാൻ അനുവദിക്ക പ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ മുൻ നിശ്ചയിക്കപ്പെട്ട ലോട്ടുകളുടെ ലേലം ഒന്നൊന്നായി നടത്തുകയാണ് ചെയ് തിരുന്നത്. ഓരോ ലോട്ടിലും ലേലം കഴിയുന്ന മുറയ്ക്ക് ആ ലോട്ടിനെ സംബന്ധിച്ച ദർഘാസ് തുറക്കുകയും ആയതിന്റെ വിവരം പരസ്യമായി ലേലത്തിൽപങ്കെടുക്കുന്നവരെ അറി യിക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ഈ വിധം ലേലവും, തുടർന്ന് ദർഘാസ് തുറക്കു കയും ചെയ്യുകയാണ് മുൻപത്തെ നടപടിക്രമം. തടിവില സംബന്ധിച്ച വിവരം അനുബന്ധം -2 ൽ കാണാ വുന്നതാണ്. |

(സി) നിലവിലുള്ള ഈ സംവിധാനം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ സംവിധാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തി ഇ-ലേല സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ടി രീതികളിൽ ഇ-ലേല സംവിധാനം വന്നതോടു കൂടി മാറ്റം വന്നിട്ടുണ്ട്, വനം വകുപ്പിൽ തടി ഉൾപ്പെടെയുള്ള വന വിഭവങ്ങൾ വിൽപ്പന നടത്തുന്നതിന് ഓൺ ലൈൻ മുഖേനയുള്ള ഇ-ലേല സംവിധാനത്തിൽ ടി ഉൽപ്പന്നങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്ന ഉപഭോക്താവ് MSTC യുടെ വെബ്സൈറ്റായ www.mstcecommerce.com -ൽ രജിസ്റ്റർ ചെയ്യുക എന്നതാണ് ആദ്യ ഘട്ടം.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്, അളവ് എന്നീ കാര്യങ്ങളിൽ നിലവിലുള്ള രീതി തന്നെയാണ് ഓൺ ലൈനിലും പിന്തുടരുന്നത്. തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ തരംതിരിച്ച് ലോട്ട് ലിസ്റ്റ് തയ്യാറാക്കി വിശദവിവരങ്ങൾ MSTC യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സൈറ്റിൽ പേരു രജിസ്റ്റർ ചെയ്ത എല്ലാ വ്യക്തികൾക്കും തടി വിൽപ്പന സംബന്ധിച്ച വിശദവിവരങ്ങൾ ഇ-മെയിൽ മുഖാന്തിരവും എസ്.എം.എസ്. വഴിയും ലഭ്യമാക്കുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച ലേലം സംബന്ധിച്ച പട്ടിക MSTCയുടെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും. നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം (EMD) അടച്ച് ലേലത്തിൽ പങ്കാളിയാകാം. തടി വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി ലേല തീയതിക്കു മുമ്പ് തടി സൂക്ഷിച്ചിട്ടുള്ള ഡിപ്പോ/ഡമ്പിംഗ് സൈറ്റ് സന്ദർശിച്ച് ഉൽപ്പന്നങ്ങളുടെ അളവുകളും, ഗുണനിലവാരവും തരംതിരിവുകളും കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

(ഡി) തടി വിൽപന നടത്തുന്നതിനായി സ്വകാര്യ കമ്പനികളെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട കമ്പനികളുടെ പേരും തെരഞ്ഞെടുത്ത മാനദണ്ഡങ്ങളും കമ്പനികളുമായുണ്ടാക്കിയ വ്യവസ്ഥകളും വ്യക്തമാക്കുമോ;

(ഡി) തടി വിൽപന നടത്തുന്നതിനായി സ്വകാര്യകമ്പനികളെ നിശ്ചയിച്ചിട്ടില്ല. ഭാരത സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd. എന്ന പൊതുമേഖലാ സ്ഥാപനം ഇ-ലേലം വഴിയാണ് തടി വിൽപന നടത്തുന്നത്. 18.03.2014-ലെ സർക്കാർ ഉത്തരവ്

ജി.ഒ.(ആർ.ടി)132/2014/വനം പ്രകാരമാണ് M/s MSTC Ltd. എന്ന കമ്പനിയുമായി ഉടമ്പടി ഒപ്പു വച്ചിട്ടുള്ളത്. ടി ഉടമ്പടി 30.09.2014 മുതൽ പ്രാബല്യത്തിൽ വന്നതും പ്രസ്തുത ഉടമ്പടിക്കു 6 മാസത്തെ കാലാവധി ഉണ്ടായിരിക്കുന്നതുമാണ്. M/s MSTC Ltd. നൽകുന്ന സേവനത്തിന് തടിവിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 0.8% (നിയമാനുസരണമുള്ള നികുതികൾക്കു പുറമെ) ആണ് സർവ്വീസ് ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്.

(ഇ) പുതിയ സംവിധാനത്തിലൂടെ സർക്കാരിനുണ്ടാകുന്ന നേട്ടം വ്യക്തമാക്കുമോ?

(ഇ) കഴിഞ്ഞ ഒരു മാസത്തിനകം നടത്തിയ ഇ-ലേലത്തിൽ ചില സ്ഥലങ്ങളിൽ സാധാരണ ലേലത്തിനെക്കാൾ 20-30% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പുതിയ സംവിധാനം, മൽസര ബുദ്ധിയോടെയുള്ള ലേലം ഉറപ്പാക്കുന്നതിനാൽ വിലയിൽ ഭാവിയിൽ 20%ത്തോളം വർദ്ധനവും തൻമൂലം സർക്കാരിന് വർദ്ധിച്ച വരുമാനവും ലഭിക്കും എന്നു പ്രതീക്ഷിക്കുന്നു. ഇ-ഓക്ഷൻ വഴി നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനും വേഗമാർന്ന നടപടികളിലൂടെ ലേലം നടപ്പിലാക്കുന്നതിനും സാധിക്കുന്നു. സുതാര്യതയും, വിശ്വാസ്യതയും ഓൺലൈൻ രീതിയിലൂടെ ഉറപ്പു വരുത്തുന്നു.

സെക്ഷൻ ഓഫീസർ